**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 274** **04-10-2021 - ൽ മറുപടിയ്ക്ക്**

**റേഷൻ വ്യാപാരികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അബ്ദുൽ ഹമീദ് പി | | **Shri G R Anil**<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | ഭക്ഷ്യക്കിറ്റ് വിതരണം ചെയ്ത വകയിൽ റേഷൻ വ്യാപാരികൾക്ക് നൽകുവാനുള്ള കമ്മീഷൻ കുടിശ്ശിക അനുവദിക്കാത്തതിന്റെ കാരണം വ്യക്തമാക്കാമോ; | (എ) | കോവിഡിന്റെ പശ്ചാത്തലത്തിൽ 2020 ഏപ്രിൽ മാസത്തിൽ വിതരണം ചെയ്ത കിറ്റുകൾക്കും 2020 ആഗസ്റ്റ്, സെപ്റ്റംബർ മാസങ്ങളിൽ വിതരണം ചെയ്ത ഓണകിറ്റുകൾക്കും handling charge അനുവദിച്ചിട്ടുണ്ട്. 2020 ഒക്ടോബർ മുതൽ 2021 ജൂൺ വരെയും 2021 ആഗസ്റ്റിൽ വിതരണം ചെയ്ത ഓണകിറ്റുകൾക്കും handling charge അനുവദിയ്ക്കാൻ കഴിയുമോ എന്ന കാര്യം പരിശോധിച്ചു വരുന്നു. |
| (ബി) | കോവിഡ് ബാധിച്ച മരണപ്പെട്ട റേഷൻ വ്യാപാരികളുടെ കുടുംബങ്ങൾക്ക് നഷ്ടപരിഹാരം നൽകുന്നതിന് നടപടികൾ സ്വീകരിക്കുമോ; | (ബി) | കോവിഡ് ബാധിച്ച് മരിച്ച റേഷൻ വ്യാപാരികളുടെ കുടുംബത്തിന് മാത്രമായി മരണാനന്തര ധന സഹായം നൽകുന്നത് പരിഗണനയിലില്ല.മറിച്ച് റേഷൻ വ്യാപാരി ക്ഷേമനിധിയിൽ അംഗങ്ങളായ എല്ലാവർക്കും ഉള്ള മരണാനന്തര ധനസഹായം വർദ്ധിപ്പിയ്ക്കുന്നതിനായി ബന്ധപ്പെട്ട ആക്ടിന്റെ രണ്ടാം പട്ടിക ഭേദഗതി ചെയ്യുന്നതിന് ശുപാർശ ലഭ്യമാക്കാൻ ക്ഷേമ നിധി സെക്രട്ടറിയ്ക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. കോവിഡ് ബാധിച്ച മരണപ്പെട്ട റേഷൻ വ്യാപാരികളുടെ അനന്തരാവകാശികൾക്ക് സോൾവൻസി തുക ഒരു ലക്ഷം രൂപ എന്നത് പതിനായിരമായും, KTPDS റൂൾ 2021 പ്രകാരം അനന്തരാവകാശി 10-ാം ക്ലാസ് പാസാകണമെന്ന നിബന്ധനയിലും ഇളവുവരുത്തുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലാണ്. |
| (സി) | വിവിധ ആവശ്യങ്ങൾ ഉന്നയിച്ച് റേഷൻ വ്യാപാരികൾ കഴിഞ്ഞ കുറേ ദിവസങ്ങളായി നടത്തുന്ന സമരങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? | (സി) | ഒരു വിഭാഗം റേഷൻ വ്യാപാരികൾ മാധ്യമങ്ങളിലൂടെ നടത്തിയ സമരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. റേഷൻ വ്യാപാരികൾ അതിജീവനകിറ്റ് വിതരണം ചെയ്ത വകയിൽ ആവശ്യപ്പെടുന്ന കമ്മീഷൻ നൽകുന്നതിനുള്ള ബുദ്ധിമുട്ട് സംഘടനാ നേതാക്കളുമായുള്ള ചർച്ചയിലും ഫോൺ സംഭാഷണത്തിലും ബോധ്യപ്പെടുത്തിയിരുന്നു. |

സെക്ഷൻ ഓഫീസർ